പതിനാലാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.20 | 23.01.2018 -ലെ മറുപടിയ്ക്ക്

## ഓൾ കേരള ലൈറ്റ് ആന്റ് സൗണ്ട് വെൽഫെയർ അസോസിയേഷൻ സമർപ്പിച്ച നിവേദനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ആന്റണി ജോൺ : | പിണറായി വിജയൻ<br>( മുഖ്യമന്ത്രി) |
| (എ)ഓൾ കേരള ലൈറ്റ് ആന്റ് സൗണ്ട് വെൽഫെയർ അസോസിയേഷൻ ഭാരവാഹികൾ വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് 17.09.2017-ൽ G 170806164 എന്ന ഫയൽ നമ്പരിലും 22.12.2017 ൽ G-171203845 എന്ന ഫയൽ നമ്പരിലും ബഹു. മുഖ്യമന്ത്രിക്ക് സമർപ്പിച്ച നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) 17.09.2017-ലെ G 170806164 നമ്പർ നിവേദനം ലേബർ കമ്മീഷണർ പരിശോധിച്ചുവരുന്നു. 22.12.2017 ലെ G-171203845- നമ്പർ നിവേദനം സംസ്ഥാന പോലീസ് മേധാവി പരിശോധിച്ച് വരുന്നു. |
| ബി) പ്രസ്തുത നിവേദനങ്ങളിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ബി)17.09.2017-ലെ നിവേദനത്തിൽ 9 ആവശ്യങ്ങൾ ഉന്നയിച്ചിട്ടുണ്ട്. ആയവ പരിശോധിച്ചതിൽ 6- ാ മത്തെ ആവശ്യം ഉച്ചഭാഷിണി മേഖലയിലുള്ളവർക്ക് സ്വതന്ത്ര സ്വഭാവത്തിലുള്ള ക്ഷേമനിധി ബോർഡ് ഏർപ്പെടുത്തണം എന്നതാണ്. വളരെ കുറച്ച് പേർ മാത്രം തൊഴിൽ ചെയ്യുന്ന ഈ മേഖലയ്ക്ക് മാത്രമായി ഒരു പ്രത്യേക ക്ഷേമനിധി രൂപീകരിക്കുന്നത് പ്രായോഗികമല്ല. നിലവിൽ കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡിൽ, മറ്റ് ക്ഷേമനിധികളിൽ അംഗമല്ലാത്ത തൊഴിലാളികൾക്ക് അംഗത്വമെടുക്കുന്നതിന് അവസരമുണ്ട്. ഈ വിഭാഗം തൊഴിലാളികൾക്കും ആയത് പ്രയോജനപ്പെടുത്താവുന്നതാണ്. ഉച്ചഭാഷിണി മേഖലയിലുള്ളവരെ ഇ.എസ്.ഐ പദ്ധതിയിൽ ഉൾപ്പെടുത്തുന്ന വിഷയം ഇപ്പോൾ സർക്കാർ പരിഗണനയിലില്ല.<br>22.12.2017-ലെ നിവേദനം ഉച്ചഭാഷിണി ഉപയോഗിക്കുന്നതിനുള്ള അനുമതി സംബന്ധിച്ചാണ് സംസ്ഥാന പോലീസ് മേധാവിയുടെ റിപ്പോർട്ട് ലഭിച്ച ശേഷം തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

Sreelekha

**സെക്ഷൻ ഓഫീസർ**